**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 327** **07-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുസർവീസ് രൂപീകരണത്തെ തുടർന്ന് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു സർവീസ് രൂപീകരണത്തെ തുടർന്ന് സ്ഥലം മാറ്റം ലഭിച്ച് സർക്കാർ സ്ഥാപനങ്ങളിലും, പഞ്ചായത്ത് സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ട മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാർ ഏത് സ്ഥാപനത്തിൽ നിന്നാണോ വിരമിക്കുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നും മാനുവലായി പെൻഷൻ പേപ്പറുകൾ തയ്യാറാക്കി സേവന പുസ്തകം സഹിതം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നൽകുവാനും , പരിശോധന നടത്തി ജില്ലാ ജോയിന്റ് ഡയറക്ടർ ജില്ലാ ഓഡിറ്റ് വകുപ്പിനും, ജില്ലാ ഓഡിറ്റ് വകുപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകുവാനും, സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കി നൽകുന്ന പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർബൻ ഡയറക്ടർ പെൻഷൻ ആനുകൂല്യങ്ങൾ ജീവനക്കാർ ഓപ്റ്റ് ചെയ്യുന്ന മുൻസിപ്പാലിറ്റികളിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും 19/6/2024 ലെ LSGD/PD/16649/2024-PENA5നമ്പർ കത്ത് പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് മറ്റ് സർക്കാർ സ്ഥാപനങ്ങളിലും പഞ്ചായത്ത് സ്ഥാപനങ്ങളിലും വിന്യസിക്കപ്പെട്ട നഗരസഭാ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ തയ്യാറാക്കുന്നതിലും, അനുവദിക്കുന്നതിലുമുള്ള അവ്യക്തത മാറ്റുന്നതിനും ഏകീകൃത വകുപ്പിന്റെ പെൻഷൻ അനുവദിക്കുന്ന അധികാരി ആരെന്നതും സംബന്ധിച്ച സ്പഷ്ടീകരണത്തിനായി 07.08.2024 ലെ LSGD/PD/16649/2024-PENA5 നമ്പർ കത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാർ പരിശോധനയിലാണ്. |
| (ബി) | പെൻഷൻ ആകുന്ന ജീവനക്കാരുടെ സർവ്വീസ് പുസ്തകം പരിശോധിക്കുന്നതു സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ഉണ്ടോ; പ്രസ്തുത ആവശ്യത്തിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിശോധിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, ഉചിതമാർഗ്ഗേന 20.03.2024 ൽ കെ.എസ്.എ.780/പെൻ.3/2024 നമ്പർ പ്രകാരം ലഭ്യമാക്കിയിട്ടുള്ള കത്തിന് 20.6.2024 ലെ ഇയു3/314/2023-തസ്വഭവ നം. കത്ത് പ്രകാരം മറുപടി നൽകുകയും 18.05.2023 ൽ ധനകാര്യ (പെൻഷൻ) വിഭാഗം അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ വകുപ്പ് പ്രതിനിധികളും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുമായി നടത്തിയ യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം നിലവിൽ ഇയു3/314/2023-തസ്വഭവ നമ്പർ ഫയലിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് ഡെപ്യൂട്ടേഷനിൽ പഞ്ചായത്തുകളിലേക്കും സർക്കാർ സ്ഥാപനങ്ങളിലേക്കും സ്ഥലംമാറ്റം ലഭിച്ച് അവിടെ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരം തയ്യാറാക്കി ആർക്കാണ് അംഗീകാരത്തിനായി അയയ്ക്കേണ്ടതെന്നും ഇത്തരത്തിൽ വിരമിച്ച ജീവനക്കാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു സർവീസ് രൂപീകരണത്തെ തുടർന്ന് സ്ഥലം മാറ്റം ലഭിച്ച് സർക്കാർ സ്ഥാപനങ്ങളിലും, പഞ്ചായത്ത് സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ട മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാർ ഏത് സ്ഥാപനത്തിൽ നിന്നാണോ വിരമിക്കുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നും മാനുവലായി പെൻഷൻ പേപ്പറുകൾ തയ്യാറാക്കി സേവന പുസ്തകം സഹിതം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നൽകുവാനും, പരിശോധന നടത്തി ജില്ലാ ജോയിന്റ് ഡയറക്ടർ ജില്ലാ ഓഡിറ്റ് വകുപ്പിനും, ജില്ലാ ഓഡിറ്റ് വകുപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകുവാനും , സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കി നൽകുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർബൻ ഡയറക്ടർ പെൻഷൻ ആനുകൂല്യങ്ങൾ ജീവനക്കാർ ഓപ്റ്റ് ചെയ്യുന്ന മുൻസിപ്പാലിറ്റികളിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും 19/6/2024 ലെ LSGD/PD/16649/2024-PENA5 നമ്പർ കത്ത് പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാർ പരിശോധനയിലാണ്. മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് സർക്കാർ സ്ഥാപനങ്ങളിലോ , പഞ്ചായത്ത് സ്ഥാപങ്ങളിലോ സേവനമനുഷ്ഠിച്ച് വരികെ വിരമിച്ചാൽ അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരം തയ്യാറാക്കി അനുവദിച്ച് |

| | | | |
|---|---|---|---|
| | | | നൽകാം എന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിനു പ്രിൻസിപ്പൽ ഡയറക്ടറുടെ 6/3/2024 ലെ LSGD/PD/61607/2023/PENA7 നമ്പർ കത്ത് പ്രകാരവും , 19/6/2024, 25/6/2024 തിയതികളിലെ LSGD/PD/16649/2024/PENA5 നമ്പർ കത്തുകൾ പ്രകാരം മറുപടി നല്ലിയിട്ടുണ്ട് . |
| (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ മുൻസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ ഇരിക്കെ 31.5.2024 ൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ എത്ര ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിയിട്ടില്ല എന്നും അത് എന്നത്തേക്ക് കൊടുക്കാൻ സാധിക്കുമെന്നും അറിയിക്കുമോ; | (ഡി) | തദ്ദേശ സ്വയം ഭരണ വകുപ്പിൽ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ നിന്നും 31/05/2024 ൽ വിരമിച്ച മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും 31/05/2024 ൽ വിരമിച്ച മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടില്ല . ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ തയ്യാറാക്കുന്നതിലും, അനുവദിക്കുന്നതിലുമുള്ള അവ്യക്തത മാറ്റുന്നതിനും ഏകീകൃത വകുപ്പിന്റെ പെൻഷൻ അനുവദിക്കുന്ന അധികാരി ആരെന്നതും സംബന്ധിച്ച സ്പഷ്ടീകരണത്തിനായി പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. |
| (ഇ) | പെൻഷൻപ്പറ്റി ആറുമാസം കഴിഞ്ഞിട്ടും പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ കിട്ടാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; 31-05-2025 ൽ പഴയ മുൻസിപ്പൽ കോമൺ സർവ്വിസിൽ നിന്നും എത്ര പേർ വിരമിക്കുന്നു എന്നറിയിക്കാമോ; ഇവരുടെ പെൻഷൻ പേപ്പറുകൾ നേരത്തെ പ്രോസ്സസ്സ് ചെയ്തു വരുന്നുണ്ടോ; ഇവരുടെ പി.എഫ് ക്ലോഷർ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ആയത് പ്രോസസ്സ് ചെയ്തു നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ; | (ഇ) | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ തയ്യാറാക്കുന്നതിലും, അനുവദിക്കുന്നതിലുമുള്ള അവ്യക്തത മാറ്റുന്നതിനും ഏകീകൃത വകുപ്പിന്റെ പെൻഷൻ അനുവദിക്കുന്ന അധികാരി ആരെന്നതും സംബന്ധിച്ച സ്പഷ്ടീകരണത്തിനായി പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. ഈ വിഷയങ്ങളിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊളളുന്ന മുറയ്ക്ക് പ്രിൻസിപ്പൽ ഡയറക്ടർ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 31/5/2025 ൽ മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാരായ 54 പേർ സേവനത്തിൽ നിന്നും വിരമിക്കുന്നുണ്ട്. ഇവരുടെ പെൻഷൻ പേപ്പറുകൾ സർക്കാർ ഉത്തരവ് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിന് ഓഫീസ് മേലധികാരികൾക്ക് നിർദേശം നൽകുന്നതാണ്. 31/5/2025 ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന 25 മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പി എഫ് ക്ലോഷർ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പി എഫ് ക്ലോഷർ അപേക്ഷകൾ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവന |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ പരിശോധിച്ച് ടിയാളുകൾ സേവനമനുഷ്ഠിച്ച നഗരസഭകളിൽ നിന്നും പി എഫ് സ്റ്റേറ്റ്മെൻറ് ലഭ്യമാക്കുവാൻ കത്ത് നൽകുകയും ആയതു ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ സ്ഥാപന സോഫ്റ്റ് വെയറുമായി പരിശോധിച്ച് തുക കണക്കാക്കി പരമാവധി നേരത്തെ പി എഫ് ക്ലോഷർ അനുവദിച്ച നൽകുന്നതാണ് . |
| (എഫ്) | തദ്ദേശസ്വയംഭരണ പൊതു സർവീസിന്റെ ഭാഗമായിട്ടുള്ള ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാർ, നഗരപാലിക സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരുടെ പെൻഷൻ റൂൾസ് ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാരണത്താൽ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് എൽ.എസ്.ജി.ഡി. ഇയു /2624752, 2870741, 2624752, 2828967, 2633044 എന്നീ ഫയലുകളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; ഈ ഫയലുകളുടെ കണ്ടെന്റ് വിശദീകരിക്കാമോ ; | (എഫ്) | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ തയ്യാറാക്കുന്നതിലും ,അനുവദിക്കുന്നതിലുമുള്ള അവ്യക്തത മാറ്റുന്നതിനും ഏകീകൃത വകുപ്പിന്റെ പെൻഷൻ അനുവദിക്കുന്ന അധികാരി ആരെന്നതും സംബന്ധിച്ച സ്പഷ്ടീകരണത്തിനായി പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ . EU3/107/2023-LSGD, EU3/314/2023/LSGD, EU3/314/2023/LSGD part 2, EU3/314/2023/LSGD part 3 എന്നീ ഫയലുകളിൽ സർക്കാർ പരിശോധനയിലാണ്.<br>നിലവിൽ ഈ വിഷയം ഇയു3/314/2023-തസ്വഭവ (2624752), ഇയു3/314/2023-തസ്വഭവ-പാർട്ട് (3) (2870741) എന്നിവയിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചിട്ടുള്ളതും ഈ വിഷയം ധനകാര്യ വകുപ്പിന്റെ ഡെവ്4/267/2023-ഫിൻ (2828967), (2633044) ഫയലിൽ പരിശോധിച്ച് വരുന്നതുമാണ്. |
| (ജി) | മുനിസിപ്പൽ സർവീസിൽ ഉണ്ടായിരുന്നതും പൊതു സർവീസ് രൂപീകരണത്തിനു ശേഷം തനതു ഫണ്ട് ഇല്ലാത്ത ഓഫീസുകളിൽ നിന്നും റിട്ടയർ ചെയ്തവരുമായ ജീവനക്കാരുടെ ടെർമിനൽ ലീവ് സറണ്ടർ സ്പാർക് സംവിധാനം വഴി അനുവദിക്കാൻ സാധിക്കില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്പാർക്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ജി) | സ്പാർക്കിൽ സ്പാർക്ക് ഐ.ഡി മുഖേന ശമ്പളം മാറുന്ന ജീവനക്കാർക്ക് നിലവിൽ 60 ദിവസം മാത്രമേ ടെർമിനൽ സറണ്ടർ പ്രോസസ്സ് ചെയ്യുന്നതിനു സാധിക്കുകയുള്ളൂ. മുൻ മുനിസിപ്പൽ കോമൺസർവ്വീസ് ജീവനക്കാർക്ക് പെൻ നമ്പർ ഉപയോഗിച്ച് ശമ്പളം മാറുന്നതിന് പകരം 27/07/2023 ലെ ത.സ്വ.ഭവ-ഇആർഎ2/107/2023/ ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്തിനുവിധേയമായി സ്പാർക്ക് ഐ.ഡി ഉപയോഗിച്ച് ശമ്പളം മാറിവരുന്നതിനാലാണ് സ്പാർക്കിൽ 60 ദിവസത്തിൽ കൂടുതൽ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത്. മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. സ്പാർക്ക് ഐ.ഡി മുഖേന ശമ്പളം മാറുന്ന ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ അനുവദിക്കുന്നത് 60 ദിവസത്തിനുപകരം കെ.എസ്.ആർ ന് വിധേയമായി 300 ദിവസം സ്പാർക്കിൽ സെറ്റ് ചെയ്യുകയോ, മുൻ മുനിസിപ്പൽ കോമൺസർവ്വീസ് ജീവനക്കാർക്ക് പെൻ നമ്പർ |

| | | | |
|---|---|---|---|
| | | | അനുവദിക്കുകയോ ചെയ്താൽ മാത്രമേ മുൻ മുനിസിപ്പൽ കോമൺസർവ്വീസ് ജീവനക്കാർക്ക് സ്പാർക്ക് മുഖേന ടെർമിനൽ ലീവ് സറണ്ടർ അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ. ഇതിനുള്ള നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**